**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7129 — 03.11.2011–ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) | കൺസ്യൂമർഫെഡിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; അനുവദനീയമായ തസ്തിക എത്ര; ഒഴിവുകൾ എത്ര; തസ്തിക തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (എ) | 2227 ജീവനക്കാരാണ് കൺസ്യൂമർഫെഡറേഷനിൽ നിലവിലുള്ളത്. അനുവദനീയമായ തസ്തികകളുടെ എണ്ണം 1767, ഒഴിവുകൾ 112., തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വന്ന എത്ര ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിലും കോൺട്രാക്ട് വ്യവസ്ഥയിലും നിയമിച്ചു; ഇവരിൽ എത്ര പേർ ഇപ്പോഴും ജോലിയിൽ തുടരുന്നുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഉത്സവ ബസാറിനോട് അനുബന്ധിച്ച് 240 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരിൽ ആരും ഇപ്പോൾ ഫെഡറേഷനിൽ ജോലിയിൽ തുടരുന്നില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ 25 പേരെ നിയമിച്ചിട്ടുണ്ട്. ഈ 25 പേർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ട്. |
| (സി) | 2011 മാർച്ച് 31 ന് കൺസ്യൂമർ ഫെഡിൽ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത്; | (സി) | 2011 മാർച്ച് 31 ന് കൺസ്യൂമർഫെഡിൽ 2202 ജീവനക്കാരാണ് ഉണ്ടായിരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | 2006 ഏപ്രിൽ 30 ന് എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത്; | (ഡി) | 2006 ഏപ്രിൽ 30 ന് 1015 ജീവനക്കാരാണ് ഉണ്ടായിരുന്നത്. |
| (ഇ) | 2006 മേയ് മുതൽ 2011 ഏപ്രിൽ വരെ കൺസ്യൂമർഫെഡ് പുതിയ എത്ര സംരംഭങ്ങൾ, സ്ഥാപനങ്ങൾ ആരംഭിച്ചു; അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ഇ) | യൂണിറ്റുകൾ - 218<br>ത്രിവേണി സൂപ്പർമാർക്കറ്റുകൾ-115<br>നീതി മെഡിക്കൽ സ്റ്റോറുകൾ-65<br>വിലക്കയറ്റ വിരുദ്ധ വിപണികൾ-55521<br>ത്രിവേണി കോഫീഹൗസ് - 10<br>ഒഴുകുന്ന ത്രിവേണി-2<br>സഞ്ചരിക്കുന്ന ത്രിവേണി-4<br>ഉച്ചഭക്ഷണ പദ്ധതി-1 |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റ ശേഷം കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര പുതിയ സ്ഥാപനങ്ങൾ/സംരംഭങ്ങൾ ആരംഭിച്ചു; | (എഫ്) | പുതിയതായി ആരംഭിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.<br>ത്രിവേണി സൂപ്പർ മാർക്കറ്റുകൾ-19<br>നീതി മെഡിക്കൽ സ്റ്റോറുകൾ-5<br>വിലക്കയറ്റവിരുദ്ധ വിപണികൾ-5195<br>ഒഴുകുന്ന ത്രിവേണി-2<br>സഞ്ചരിക്കുന്ന ത്രിവേണി-1 |
| (ജി) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? | (ജി) | ഒരു പഞ്ചായത്തിൽ ഒന്ന് എന്ന ക്രമത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മിനി ത്രിവേണി സ്റ്റോറുകൾ സ്ഥാപിക്കുക.<br>രണ്ട് പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന ക്രമത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുക.<br>ഒരു താലൂക്കിൽ ഒന്ന് എന്ന ക്രമത്തിൽ എല്ലാ താലൂക്കുകളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ സ്ഥാപിക്കുക, ഇപ്പോഴുള്ള നാല് എണ്ണത്തിനു പുറമേ ആറ് ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ കൂടി സ്ഥാപിക്കുക. പത്തിനം നിത്യോപയോഗ സാധനങ്ങൾ ശരാശരി പൊതുവിപണിയിൽ നിന്നും 20% വിലകുറച്ച് വിൽക്കുന്ന നന്മ പദ്ധതി വിപണനകേന്ദ്രങ്ങൾ വ്യാപകമാക്കുക, മെഡിക്കൽ |

വെയർഹൗസുകൾ, കോഫീഹൗസുകൾ എന്നിവ സ്ഥാപിക്കുക, ഉത്സവ കാലങ്ങളോടനുബന്ധിച്ച് കൂടുതൽ സഹകരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക എന്നീ നടപടികളിലൂടെ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Post | Vacancy |
|---|---|
| Commercial Manager (Business Manager) | 1 |
| Regional Manager | 1 |
| Manager-I | 9 |
| Manager-II | 4 |
| Godown Manager (Godown Keeper) | 7 |
| Unit Manager (Floor Manager) | 17 |
| Sales Assistant Grade I & II | 1 |
| Sales Assistant Grade I | 16 |
| Sales Assistant Grade II | 23 |
| Finance Manager | 1 |
| Accounts Manager (Accounts Officer) | 1 |
| Assistant Manager (F & A) (Accountant) | 4 |
| Internal Auditor | 1 |
| Administration Manager | 1 |
| Junior Superintendent (P & A) | 1 |
| Inspector Assistant (Clerk) | 1 |
| Receptionist | 1 |
| Typist | 1 |
| Driver | 1 |
| Programmer | 1 |
| Data Entry Operator | 2 |
| Data Entry/Sales Helper | 17 |
| Total | 112 |

Section Officer -